"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - വിവിധ ജില്ലകളിലെ കർഷകരുടെ വ്യക്തിഗത അപേക്ഷകളിന്മേൽ കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ പുറപ്പെടുവിച്ച അന്തിമ ഉത്തരവുകളിൽ ശിപാർശ ചെയ്തിട്ടുള്ള കടാശ്വാസ തുക വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(കൈ) നം.55/2025/AGRI തീയതി,തിരുവനന്തപുരം, 06-05-2025

---

പരാമർശം:-
1. സ.ഉ (കൈ) നം.32/2025/കൃഷി തീയതി 27.03.2025.
2. സ.ഉ (കൈ) നം.33/2025/കൃഷി തീയതി 27.03.2025
3. സ.ഉ (കൈ) നം.34/2025/കൃഷി തീയതി 27.03.2025
4. സ.ഉ (കൈ) നം.35/2025/കൃഷി തീയതി 27.03.2025
5. സ.ഉ (കൈ) നം.303/2025/കൃഷി തീയതി 27.03.2025
6. സ.ഉ (കൈ) നം.306/2025/കൃഷി തീയതി 27.03.2025
7. സ.ഉ (കൈ) നം.307/2025/കൃഷി തീയതി 27.03.2025
8. സ.ഉ (കൈ) നം.308/2025/കൃഷി തീയതി 27.03.2025
9. സഹകരണ സംഘം രജിസ്ട്രാറുടെ 02.04.2025 തീയതിയിലെ ജി(2) 4788/2025 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ വിവിധ ജില്ലകളിലെ സഹകരണ ബാങ്കുകളിൽ/ സംഘങ്ങളിൽ നിന്നെടുത്തിട്ടുള്ള വായ്പകൾക്ക് കടാശ്വാസം ലഭിക്കുന്നതിനായി കർഷകർ കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിരുന്ന അപേക്ഷകളിൽ തീർപ്പ കൽപ്പിച്ച് കമ്മീഷൻ പുറപ്പെടുവിച്ച അവാർഡുകളിൽ സഹകരണ സംഘം രജിസ്ട്രാറുടെ പരിശോധന കഴിഞ്ഞ് ലഭിച്ച പ്രപ്പോസലുകൾ പരിശോധിച്ച് സർക്കാർ 2024-25 സാമ്പത്തിക വർഷം പരാമർശം (1) മുതൽ (8) വരെയുള്ള ഉത്തരവുകൾ പ്രകാരം 1,99,82,226/- (ഒരു കോടി തൊണ്ണൂറ്റൊൻപത് ലക്ഷത്തി എൺപത്തി രണ്ടായിരത്തി ഇരുന്നൂറ്റി ഇരുപത്തിയാറ് രൂപ മാത്രം) 2401-00-104-86(01)-34-3 N-V-Debt Relief Commission ശീർഷകത്തിൽ നിന്നും ബാങ്കുകൾക്ക്/ സംഘങ്ങൾക്ക് കൈമാറുന്നതിനായി കൃഷി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൃഷി ഡയറക്ടർ പ്രസ്തുത ശീർഷകം ബഡ്ജറ്റ് അലോക്കേഷൻ ആന്റ്

മോണിറ്ററിംഗ് സിസ്റ്റത്തിലെ (BAMS) ആവശ്യമായ വിഹിതവുമായി സഹകരണ സംഘം രജിസ്ട്രാർക്ക് ക്രോസ്സ് മാപ്പ് ചെയ്ത് നൽകുവാനും സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ (DDO) ടി തുക ബിൽ ഇൻഫർമേഷൻ & മാനേജിംഗ് സിസ്റ്റം (BiMS) മുഖേന പിൻവലിച്ച് ബന്ധപ്പെട്ട സഹകരണ ബാങ്കുകൾക്ക്/ സംഘങ്ങൾക്ക് കൈമാറാനും പ്രസ്തുത ഉത്തരവുകൾ പ്രകാരം നിർദ്ദേശിച്ചിരുന്നു. പ്രസ്തുത ഉത്തരവുകൾ പ്രകാരം അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl. No. | Government Order | District | Amount |
|---|---|---|---|
| 1 | സ.ഉ (കൈ) നം.32/2025/കൃഷി തീയതി 27.03.2025 | ഇടുക്കി | 75,000/- |
| 2 | സ.ഉ (കൈ) നം.33/2025/കൃഷി തീയതി 27.03.2025 | തൃശ്ശൂർ | 17,52,275/- |
| 3 | സ.ഉ (കൈ) നം.34/2025/കൃഷി തീയതി 27.03.2025 | വയനാട് | 28,50,610/- |
| 4 | സ.ഉ (കൈ) നം.35/2025/കൃഷി തീയതി 27.03.2025 | തിരുവനന്തപുരം | 2,76,000/- |
| 5 | സ.ഉ (കൈ) നം.303/2025/കൃഷി തീയതി 27.03.2025 | തൃശ്ശൂർ | 58,78,000/- |
| 6 | സ.ഉ (കൈ) നം.306/2025/കൃഷി തീയതി 27.03.2025 | മലപ്പുറം | 16,60,000/- |
| 7 | സ.ഉ (കൈ) നം.307/2025/കൃഷി തീയതി 27.03.2025 | തിരുവനന്തപുരം | 45,91,700/- |
| 8 | സ.ഉ (കൈ) നം.308/2025/കൃഷി തീയതി 27.03.2025 | ഇടുക്കി | 28,98,641/- |
| **ആകെ** | | | **1,99,82,226/-** |

2. 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായി 2401-00-104-86(01)-34-3 N-V-Debt Relief Commission ശീർഷകത്തിൽ പരാമർശം (1) മുതൽ (8) വരെയുള്ള ഉത്തരവുകൾ പ്രകാരം അനുവദിച്ച തുക BAMS വഴി വിതരണം ചെയ്യുന്നതിന് കൃഷി ഡയറക്ടർ സഹകരണ സംഘം രജിസ്ട്രാർക്ക് ടി തുക ക്രോസ് മാപ്പ് ചെയ്ത് നൽകിയിരുന്നെങ്കിലും സാമ്പത്തിക വർഷാവസാനത്തിലെ ട്രഷറി നിയന്ത്രണം കാരണം ബില്ലുകൾ e-submit ചെയ്യുന്നതിന് സാധിച്ചില്ലെന്നും ആയതിനാൽ മേൽ ഉത്തരവുകൾ പ്രകാരമുള്ള തുകയ്ക്ക് അലോട്ട്മെന്റ് അനുവദിച്ച് നൽകണമെന്നും പരാമർശം (9)ലെ കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 2024-25 സാമ്പത്തിക വർഷം

കടാശ്വാസം അനുവദിക്കുന്നതിനായി വിവിധ ജില്ലകൾക്ക് പരാമർശം (1) മുതൽ (8) വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ച 1,99,82,226/- (ഒരു കോടി തൊണ്ണൂറ്റൊൻപത് ലക്ഷത്തി എൺപത്തി രണ്ടായിരത്തി ഇരുന്നൂറ്റി ഇരുപത്തിയാറ് രൂപ മാത്രം) 2401-00-104-86(01)-34-3 N-V-Debt Relief Commission ശീർഷകത്തിലെ 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും പ്രസ്തുത ഉത്തരവുകളിൽ പരാമർശിച്ചിരിക്കുന്ന സഹകരണ ബാങ്കുകൾക്ക്/ സംഘങ്ങൾക്ക് ബഡ്ജറ്റ് അലോക്കേഷൻ ആന്റ് മോണിറ്ററിംഗ് സിസ്റ്റം (BAMS) വഴി വിതരണം ചെയ്യുന്നതിന് കൃഷി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. കൃഷി ഡയറക്ടർ 2401-00-104-86(01)-34-3 N-V-Debt Relief Commission എന്ന ശീർഷകം ബഡ്ജറ്റ് അലോക്കേഷൻ ആന്റ് മോണിറ്ററിംഗ് സിസ്റ്റത്തിലെ (BAMS) ആവശ്യമായ വിഹിതവുമായി സഹകരണ സംഘം രജിസ്ട്രാർക്ക് ക്രോസ്സ് മാപ്പ് ചെയ്ത് നൽകേണ്ടതും സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ (DDO) ടി തുക ബിൽ ഇൻഫർമേഷൻ & മാനേജിംഗ് സിസ്റ്റം (BiMS) മുഖേന പിൻവലിച്ച് ബന്ധപ്പെട്ട സഹകരണ ബാങ്കുകൾക്ക്/ സംഘങ്ങൾക്ക് വിതരണം ചെയ്യേണ്ടതുമാണ്.

5. തുക വിതരണം ചെയ്തതിനു ശേഷം കൃഷി ഡയറക്ടർ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K SURESHKUMAR
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ, അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (30.04.2025ലെ E:2072273/Agri-C1/96/2022-FIN പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Vineesh Kumar G
Date: 06-05-2025 14:21:13
സെക്ഷൻ ഓഫീസർ